LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ ഫാറം സ്റ്റോർ

243 (1621) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലാ ആസ്ഥാനത്ത് ജില്ലാ ഫാറം സ്റ്റോർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഫാറം സ്റ്റോർ നടപ്പു സാമ്പത്തിക വർഷം തന്നെ പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഇടുക്കി ജില്ലാ ആസ്ഥാനത്ത് ജില്ലാ ഫാറം സ്റ്റോർ അനുവദിക്കുന്നത് സംബന്ധിച്ച് റെക്കറിംഗ് & നോൺ റെക്കറിംഗ് ചെലവുകൾ സംബന്ധിച്ച വിവരം അച്ചടി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്മേൽ ധനകാര്യവകുപ്പിന്റെ അംഗീകാരവും സ്ഥല ലഭ്യത സംബന്ധിച്ച് ജില്ലാകളക്ടറുടെ റിപ്പോർട്ടും ലഭ്യമാകേണ്ടതുണ്ട്. ആയതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

സ്റ്റേഷനറി പർച്ചേസ്

244 (1622) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്റ്റേഷനറി ഇനത്തിൽ എത്ര രൂപയ്ക്കുള്ള പർച്ചേയ്സ് നടത്തിയിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) ഓപ്പൺ ടെൻഡർ ഇല്ലാതെ ഏതെല്ലാം ഇനങ്ങൾ നേരിട്ട് പർച്ചേയ്സ് ചെയ്തിട്ടുണ്ട്; എങ്കിൽ കമ്പനികളുടെ പേര് സഹിതം വിശദവിവരം നൽകുമോ?

ഉത്തരം

(എ) സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയ ഇനത്തിൽ 2011-12 സാമ്പത്തിക വർഷം മുതൽ 31-1-2016 വരെ ആകെ 1,04,27,02,711 രൂപ സ്റ്റേഷനറി വകുപ്പിന് ചെലവായിട്ടുണ്ട്. ചെലവായ തുകയുടെ വർഷം തിരിച്ചുള്ള കണക്ക് താഴെപ്പറയും പ്രകാരമാണ്.